LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്ത് കിൻഫ്രാ പാർക്കും റബ്ബർ പാർക്കും തുടങ്ങാൻ നടപടി

229 (2467) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പിറവന്തൂർ - പുനലൂർ കിൻഫ്രാ പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യവസായ പാർക്ക് ആരംഭിക്കുവാൻ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ;

(സി) കിൻഫ്രയ്ക്ക് ലഭ്യമായ സ്ഥലത്ത് റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഏതെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) റബ്ബർ പാർക്ക് സർക്കാർ സംരംഭമാണോ; സ്വകാര്യ സംരംഭം ആണെങ്കിൽ സംരംഭകർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ പിറവന്തൂരിൽ കിൻഫ്ര സ്ഥാപിക്കുന്ന 12 ഏക്കറിലെ വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, വൈദ്യുതി എന്നിവയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇതുകൂടാതെ പ്രസ്തുത പാർക്കിൽ തന്നെ 65000 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF)-യുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിന്റെ അനുബന്ധ പണികളും പൂർത്തീകരിച്ചു വരുന്നു. കൂടാതെ ബാക്കി 51 ഏക്കറിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. 5-11-2012-ലെ ജി.ഒ.(ആർ‌റ്റി.) നമ്പർ 1635/2012/ ഐ.ഡി. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കിൻഫ്രയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റബ്ബർ ബോർഡും ചേർന്നുള്ള സംയുക്ത സംരംഭമാണ് റബ്ബർ പാർക്ക്.

കിൻഫ്ര-ഭൂമി ഏറ്റെടുക്കൽ നടപടി

230 (2468) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്ര 1999 മുതൽ 2013 മാർച്ച് വരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു ? ഇതിന്റെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ ;

(ബി) ഓരോ ജില്ലയിലും എത്ര ശതമാനം ഭൂമി നിലവിൽ വ്യാവസായിക വികസനത്തിന് ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ലൈസൻസ് എഗ്രിമെന്റനുസരിച്ച് വാണിജ്യ ഉത്പാദനം ആരംഭിക്കാത്തതിനാൽ ഭൂമി തിരിച്ചെടുക്കാതെ എഗ്രിമെന്റ് ലംഘിച്ച കമ്പനികൾ ഏതെല്ലാം പാർക്കിലാണെന്നും കമ്പനിയുടെ പേരുവിവരവും വ്യക്തമാക്കുമോ; ഇത്തരത്തിൽ എത്ര ഏക്കർ ഭൂമി നിലവിലുണ്ട് ;

(ഡി) പ്രസ്തുത ഭൂമിയിൽ 2014 ഒക്ടോബർ വരെ എത്ര ഏക്കർ തിരിച്ചു പിടിച്ചുവെന്ന് വെളിപ്പെടുത്താമോ :

(ഇ) ഇൻകെൽ എന്ന കമ്പനി KSIDC-യിൽ നിന്നും 2014 ഒക്ടോബർ വരെ എത്ര ഏക്കർ ഭൂമി പാട്ടത്തിനെടുത്തു ; ഇത് ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ വീതമാണ് ;

(എഫ്) ഓരോ സ്ഥലത്തും നിശ്ചയിച്ച പാട്ട തുകയെത്ര ; ഇതിൽ ഇൻകെൽ അടച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കിൻഫ്ര 1999 മുതൽ 2013 മാർച്ച് വരെ വ്യവസായ ആവശ്യങ്ങൾക്കായി 1934 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1	തിരുവനന്തപുരം	93.63 ഏക്കർ
2	കൊല്ലം	63.00 ഏക്കർ
3	പത്തനംതിട്ട	122.19 ഏക്കർ
4	കോട്ടയം	0.83 ഏക്കർ
5	ഇടുക്കി	16.67 ഏക്കർ
6	എറണാകുളം	433.21 ഏക്കർ
7	തൃശ്ശൂർ	73.66 ഏക്കർ
8	പാലക്കാട്	476.72 ഏക്കർ
9	മലപ്പുറം	20.21 ഏക്കർ
10	കോഴിക്കോട്	102.58 ഏക്കർ
11	കണ്ണൂർ	397.05 ഏക്കർ
12	വയനാട്	50.00 ഏക്കർ
13	കാസർഗോഡ്	84.25 ഏക്കർ
	ആകെ	1934.00 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ, കണ്ണൂർ എയർപോർട്ടിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ 1698 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

(ബി) കിൻഫ്ര ഇതുവരെ 9 ജില്ലകളിലായി വ്യാവസായിക വികസനത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ശതമാന കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി-എഫ്) വിവരം ശേഖരിച്ചു വരുന്നു.

പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

231 (†2469) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ ഉന്നയിച്ചു വരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം വിളിക്കുകയുണ്ടായോ ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത തീരുമാനങ്ങൾ നടപ്പായിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28-1-2014-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നിരുന്നു. കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 30-5-2014 തീയതിയിൽ റവന്യൂ-കയർ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു.

(ബി) ഓരോ വ്യവസായത്തിനും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായതലത്തിലുള്ള ചർച്ചകൾക്കു ശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി അന്തിമ തീരുമാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly